# INDIAN SCHOOL, AL GHUBRA

## SUMMATIVE ASSESSMENT - I [2014-15]

## CLASS: X – MALAYALAM 2ND LANGUAGE

## മലയാളം

Time allowed: 3 hrs | M.Marks: 90

*അനുവദിച്ച സമയം: 3 മണിക്കൂർ* | *ആകെ മാർക്ക്: 90*

*General Instructions:*

- Please check that this question paper contains 4 printed pages.
- Please check that this question paper contains 8 questions
- Please write down the Serial Number of the question before attempting it.
- The Question Paper is divided in to four sections:-

| | |
|---|---|
| Section A:Reading Comprehension | – 10 marks |
| Section B:Writing | – 14 marks |
| Section C:Grammar | – 18 marks |
| Section D: Literature | – 48 marks |

### SECTION-A/ എ. വിഭാഗം (10 Marks)

1. ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ഒരു വ്യക്തിത്വത്തെ പരിചയപ്പെടുത്തുന്ന വാങ്മയമാണ് ആത്മകഥയും ജീവചരിത്രവും. ഒന്ന് സ്വയം വെളിപ്പെടലാണെങ്കിൽ മറ്റത് അപരന്റെ വെളിപ്പെടുത്തലാണ്. സത്യസന്ധമായി വെളിപ്പെടുന്ന മനസ്സ് അസുലഭമായ അനുഭവമാകുന്നു. ഗാന്ധിജിയുടെ ആത്മകഥാപരമായ 'എന്റെ സത്യാന്വേഷണപരീക്ഷണങ്ങൾ' സ്വന്തം ശരികളോടൊപ്പം കുറ്റങ്ങളും കുറവുകളും കൂടി അപഗ്രഥിക്കുന്ന കൃതിയാണ്. നല്ല ആത്മകഥയ്ക്ക്-ജീവചരിത്രത്തിന്-നല്ലവണ്ണം ജീവിച്ച ഒരു വ്യക്തി ഉണ്ടാവണം. തന്റെ വായനക്കാർക്ക് ആത്മോന്നതി നൽകുന്നവരുടെ ആധിക്യമാണ് ഈ പ്രത്യേക സാഹിത്യരൂപത്തിന്റെ വികാസത്തിലൂടെ അളക്കപ്പെടുന്നത്. മലയാളത്തിലെ ആദ്യത്തെ ആത്മകഥ ചിട്ടയൊപ്പിച്ച് എഴുതിയതല്ലെങ്കിൽ വൈക്കത്ത് പാച്ചുമൂത്തതിന്റെ ആത്മകഥയാണ്. പക്ഷേ, മലയാളികൾ വികാരഭാവത്തോടെ വായിച്ച ആദ്യത്തെ ആത്മകഥ സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ള തന്റെ സാഹസികവും ക്ലേശപൂർണവുമായ ജീവിതത്തെക്കുറിച്ചെഴുതിയ എന്റെ നാടുകടത്തൽ എന്ന ഗ്രന്ഥമാണ്. ഈ. വി കൃഷ്ണപിള്ളയുടെ ജീവിതസ്മരണകൾ ആഖ്യാനരീതികൊണ്ടും പരാമർശിക്കപ്പെടുന്ന വരെക്കുറിച്ചും തന്നെക്കുറിച്ചുമുള്ള നിരീക്ഷണങ്ങൾ കൊണ്ടും ആകർഷകമാകുന്നു.

(i) മലയാളത്തിലെ ആദ്യത്തെ ആത്മകഥയേത് ? 2

(ii) ജീവിതസ്മരണകൾ ആകർഷകമാകുന്നത് ഏതു വിധത്തിലാണ് ? 2

(iii) ആത്മകഥയും ജീവചരിത്രവും തമ്മിലുള്ള വ്യത്യാസമെന്ത് ? 2

(iv) ഗാന്ധിജിയുടെ ആത്മകഥയുടെ സവിശേഷതയെന്ത് ? 2

(v) ഈ ഖണ്ഡികയ്ക്ക് ഉചിതമായ ഒരു ശീർഷകം നൽകുക. 2

## SECTION-B/ ബി. വിഭാഗം (14 Marks)

2. (i) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒന്നരപ്പുറത്തിൽ കവിയാതെ ഉപന്യസിക്കുക: 7

(a) വിദ്യാഭ്യാസത്തിൽ വാർത്താമാധ്യമങ്ങൾക്കുള്ള പ്രാധാന്യം

(b) ലോകസമാധാനം

(c) ലഹരിവസ്തുക്കളും പുതുതലമുറയും

(ii) നിങ്ങളുടെ പ്രദേശത്തു വർദ്ധിച്ചുവരുന്ന സാമൂഹ്യവിരുദ്ധരുടെ ശല്യത്തിനെതിരെ നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ജില്ലാകളക്ടർക്ക് ഒരു കത്ത് തയ്യാറാക്കുക. 7

## SECTION-C/ സി. വിഭാഗം (18 Marks)

3. (a) പ്രയോഗം മാറ്റുക 1

അവൻ അന്നു കണ്ടവരോടൊക്കെ കിണറ്റിൽ വെള്ളം കണ്ട കഥ പറഞ്ഞു.

(b) അർത്ഥവ്യത്യാസം വരാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കി മാറ്റുക. 1

അയാൾ എന്നോട് സംഗീതത്തെപ്പറ്റി സംസാരിച്ചു.

(c) അംഗവാക്യം അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക 1

അങ്ങനെ വിജയിച്ചരുളുന്ന അർജുനന്റെ അടുക്കലേയ്ക്കതാ, പെരുമുറെ കരഞ്ഞുംകൊണ്ട് ഒരു സ്ത്രീ വരുന്നു.

(d) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക 1

സ്വന്തം ആളുകളും തനിക്കു ശത്രുക്കളാണല്ലോ എന്നു വൃദ്ധൻ അത്യന്തം വ്യാകുലപ്പെട്ടു വിഷമിച്ചു.

4. ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം എടുത്തെഴുതുക.

(a) പര്യായപദങ്ങൾ എടുത്തെഴുതുക (2 x 1 = 2)

(i) മഞ്ഞ്

(ഹിമം, മൃത്ത്, വാരി, പ്രാലേയം)

(ii) ബിന്ദു

(കയം, കണം, ക്ഷീരം, തുള്ളി)

(b) നാനാർത്ഥപദങ്ങൾ എടുത്തെഴുതുക (2 x 1 = 2)

(i) താപം

ചരട്, ദു:ഖം, ചൂട്, ആഗ്രഹം

(ii) അംബരം

(വസ്ത്രം, പൂർണ്ണം, ആകാശം, സൂര്യൻ)

(c) വിപരീതപദം എഴുതുക (2 x 1 = 2)

(i) ലഘു

(ഗുരു, തിന്മ അശുദ്ധി, അനിത്യം)

(ii) അനിയന്ത്രിതം

(യന്ത്രിതം, നിയന്ത്രിതം, അനിയന്ത്രണം, അനാവൃതം)

(d) പദങ്ങളുടെ അർത്ഥവ്യത്യാസം എടുത്തെഴുതുക (2 x 1 = 2)

(i) കൂപം–സ്തൂപം
(കിണർ, ശബ്ദം, കുലം, തൂണ്)

(ii) ക്ഷിതി–ക്ഷതി
(ദിവസം, ഭൂമി, അസുഖം, നാശം)

(e) എതിർലിംഗം എഴുതുക (2 x 1 = 2)

(i) ജനയിതാവ്
(ജനയിത്രി, ജനയത്രി, ജനനത്രി, ജനയി)

(ii) പതി
(കാന്തൻ, പഥികൻ, പത്നി, അനഘൻ)

5. (a) പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക (2 x 1 = 2)

(i) രുജയാൽ

(ii) പദാർത്ഥങ്ങൾ

(b) വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക (2 x 1 = 2)

(i) തരുഗുല്മങ്ങൾ

(ii) ചിത്തതാര്

## SECTION-D/ ഡി. വിഭാഗം ( 48 Marks)

6. (a) ഉത്തരമെഴുതുക

(i) അർജ്ജുനൻ സ്വപ്നേപി വിചാരിക്കാതെയാണെങ്കിലും സംഭവിച്ചതെന്ത്? 4

(ii) കിണർ ജനയിതാവിൻെറ മേൽ വെള്ളം തൂകി. അയാൾ സ്വന്തം, കിണറ്റിൽ നിന്ന് അന്ത്യമായി ജലപാനം ചെയ്തു. അയൽ വീട്ടിലെ നായ് ചരമഗീതം പാടി. ചന്ദ്രൻെറ മുഖം വിളറി. ആ കിണർ ഉതുപ്പാൻെറ രഹസ്യത്തെ വിശ്വസ്തതയോടെ ഗോപനം ചെയ്തു." കഥാന്ത്യം സൃഷ്ടിക്കുന്ന സവിശേഷമായ ഭാവതലം ചർച്ച ചെയ്യുക. 4

(iii) "അറുമുഖന് ഈ വിഷയം മുഷിപ്പനായിത്തോന്നി." – ഏതു വിഷയം? സന്ദർഭമെഴുതുക. 4

(iv) മിത്രങ്ങൾ ഉതുപ്പാനെ ആശ്വസിപ്പിച്ചതെങ്ങനെ? അതു കേട്ടപ്പോൾ ഉതുപ്പാനിൽ ഉണ്ടായ ഭാവമാറ്റം എന്തായിരുന്നു? 4

(b) (i) ഭൂമിയുടെ ശയ്യാഗൃഹത്തിലുള്ള തൻെറ അന്ത്യവിശ്രമത്തെ സീത വിഭാവനം ചെയ്തിട്ടുള്ളതെങ്ങനെയെന്നു വിശദമാക്കുക. 4

(ii) "പാടവഹീനയെന്നാർ പറയും?" – കൈരളി പാടവഹീനയല്ലെന്ന് കവി സമർത്ഥിക്കുന്നതെങ്ങനെ? 4

(iii) സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, ഭൂമി തുടങ്ങിയ പ്രപഞ്ച പ്രതിഭാസങ്ങളോടാണല്ലോ സീത യാത്ര ചോദിക്കുന്നത്. ഈ യാത്രപറച്ചിലിൻെറ ഔചിത്യം പരിശോധിക്കുക. 4

(iv) "മർത്ത്യന്നു പെറ്റമ്മ തൻഭാഷ താൻ" – മാതൃഭാഷയെ മാതാവിനോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നതിൻെറ ഔചിത്യം പരിശോധിക്കുക. ? **4**

7. ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം എടുത്തെഴുതുക. (8 x ½ = 4)

(a) അമ്മാവനെ പേടിച്ചു മരിച്ചുപോയ മരുമകൻ എന്നു പറയുന്നതാരെയാണ്?
(സുരഥൻ, അർജ്ജുനൻ, അഭിമന്യു, ശല്യർ)

(b) 'ഒഴിവുള്ള സമയങ്ങൾ പ്രാർത്ഥിക്കാനും സുവിശേഷപ്രസംഗം കേൾക്കാനും അവൻ ചെലവാക്കി.' – ആര്
(ഗൗരി, കൊച്ചനുജത്തി, ഉതുപ്പാൻ, അയൽക്കാരി)

(c) യുവാവിൻെറ ഓരോ വാക്കിലും നിറഞ്ഞു നിൽക്കുന്നത്.
(ദേഷ്യം, പ്രസാദാത്മകത, വിഷാദം, നിരാശ)

(d) താഴെ കൊടുത്തിട്ടുള്ള കൃതികളിൽ വള്ളത്തോളിൻേറതല്ലാത്തത് ഏത്?
(ശിഷ്യനും, മകനും, ചിന്താവിഷ്ടയായ സീത, അച്ഛനും മകളും, മഗ്ദലനമറിയം)

(e) സാഹിത്യമഞ്ജരിയുടെ കർത്താവ്
(കുമാരനാശാൻ, ഉള്ളൂർ, വള്ളത്തോൾ, ചെറുശ്ശേരി)

(f) പൗരക്ഷേമത്തെ രക്ഷിക്കുകയും വ്യക്തിസ്വാതന്ത്ര്യത്തെ നിയന്ത്രിക്കുകയും ചെയ്യുന്നതിൽ ജാഗരൂകരായത്.
(കുട്ടികൾ, നഗരസഭ, മിത്രങ്ങൾ, കൂലിക്കാരൻ)

(g) അറുമുഖൻെറയും ഭാര്യയുടെയും ഏകഭൗതികസമ്പാദ്യം എന്തായിരുന്നു?
(വീട്, പുതപ്പ്, പത്രം, കസേര)

(h) "ക്രമമെന്നി രസിച്ചു നിങ്ങളിൽ
പ്രമദം പൂണ്ടവൾ യാത്രചൊൽവൂ ഞാൻ." യാത്ര പറയുന്നതാര്?
(വാല്മീകി, ശ്രീരാമൻ, ലവൻ, സീത)

8. ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (2 x 6 = 12)

(a) അപ്പുവിൻെറ മഞ്ചൽയാത്ര ചുരുക്കി വിവരിക്കുക.

(b) മരണത്തിലേക്കുള്ള യാത്രയാണു തൻേറതെന്ന് അപ്പുവിനു തോന്നിയതെപ്പോൾ?

(c) അപ്പുവിനും കുടുംബത്തിനും യാത്രയ്ക്കിടയിൽ സംഭവിച്ച അപകടം വിശദമാക്കുക.

Prepared by: Dr. Jitheesh,
Dept. Malayalam (HOD), Indian School, Al Ghubra. Sultanate of Oman.
e mail: jitheesh2003@gmail.com